**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 415** **11-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | കഴിഞ്ഞ കുറച്ച് കാലങ്ങളായി സംസ്ഥാനം ധന ഞെരുക്കം അനുഭവിച്ച് പോരുന്നുണ്ട് എന്നതൊരു വസ്തുതയാണ്. പ്രകൃതി ദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന കാരണമുയർത്തി കേന്ദ്ര ധന കൈമാറ്റത്തിൽ കുറവ് വരുത്തിയത് എന്നിവയാണ് പ്രധാനമായും സംസ്ഥാനത്തിന്റെ ധന ഞെരുക്കത്തിന് ഇടയാക്കിയിട്ടുള്ളത്.<br><br>പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സംസ്ഥാന സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും, സംസ്ഥാന സർക്കാരിന്റെ കടമായി കണക്കിലെടുത്ത്, സംസ്ഥാന സർക്കാരിന്റെ ആകെ കടമെടുപ്പിൽ വെട്ടിക്കുറവ് വരുത്തുന്ന സമീപനം കേന്ദ്ര സർക്കാർ സ്വീകരിച്ചത് സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ കൂടുതൽ വഷളാക്കി.<br><br>എന്നിരുന്നാലും സംസ്ഥാനത്തിന്റെ തനതു നികുതി നികുതിയേതര വരുമാനത്തിൽ വളർച്ച കൈവരിച്ചുകൊണ്ട് സാമൂഹ്യ ക്ഷേമ വികസന ചെലവുകൾക്ക് വേണ്ടത്ര ഊന്നൽ നൽകാനും സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനം മെച്ചപ്പെടുത്തുന്നതിനും ഈ കാലയളവിൽ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മുൻ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്രയാണെന്നും നിലവിൽ സംസ്ഥാനത്തിന്റെ പൊതു കടം എത്രയാണെന്നും വ്യക്തമാക്കുമോ; | (ബി) | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2016 മാർച്ച് 31-ലെയും 2024 മാർച്ച് 31-ലെയും സംസ്ഥാനത്തിന്റെ പൊതുകടം യഥാക്രമം 109730.97 കോടി രൂപയും 2,68039.33 കോടി രൂപയുമാണ്. ബജറ്റ് രേഖയായ 2024-25 ലെ ബജറ്റ് ഇൻ ബ്രീഫിലെ ജനസംഖ്യയനുസരിച്ച് 2015-16, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ ആളോഹരി കടം യഥാക്രമം 45821.78 രൂപയും, 108624.51 രൂപയുമാണ്. പൊതുകടം, ആളോഹരികടം എന്നിവ ഓരോ അഞ്ച് വർഷം കൂടുമ്പോൾ ഇരട്ടിയാകുന്ന പ്രവണതയാണ് കണ്ടുവരുന്നത്. |
| (സി) | 2016 മാർച്ച് 31 ന് സംസ്ഥാനത്തെ ആളോഹരി കടം എത്രയാണെന്നും നിലവിൽ സംസ്ഥാനത്തെ ആളോഹരി കടം എത്രയാണെന്നും വ്യക്തമാക്കാമോ; | (സി) | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2016 മാർച്ച് 31-ലെയും 2024 മാർച്ച് 31-ലെയും സംസ്ഥാനത്തിന്റെ പൊതുകടം യഥാക്രമം 109730.97 കോടി രൂപയും 2,68039.33 കോടി രൂപയുമാണ്. ബജറ്റ് രേഖയായ 2024-25 ലെ ബജറ്റ് ഇൻ ബ്രീഫിലെ ജനസംഖ്യയനുസരിച്ച് 2015-16, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ ആളോഹരി കടം യഥാക്രമം 45821.78 രൂപയും, 108624.51 രൂപയുമാണ്. പൊതുകടം, ആളോഹരികടം എന്നിവ ഓരോ അഞ്ച് വർഷം കൂടുമ്പോൾ ഇരട്ടിയാകുന്ന പ്രവണതയാണ് കണ്ടുവരുന്നത്. |
| (ഡി) | 2016 മുതൽ നാളിതുവരെ സംസ്ഥാന സർക്കാർ ഏതെല്ലാം വകുപ്പുകൾ/ ഏജൻസികൾ എന്നിവയിൽ നിന്ന് വായ്പ, കടം എടുത്തിട്ടുണ്ട് എന്ന് വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (ഡി) | 2016-17 സാമ്പത്തിക വർഷം മുതൽ 2022-23 സാമ്പത്തിക വർഷം വരെ സംസ്ഥാന സർക്കാർ വിവിധ ഏജൻസികളിൽ നിന്ന് എടുത്ത തനി വായ്പയുടെ വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ഇ) | 2023-24 സാമ്പത്തിക വർഷം ഓരോ വകുപ്പിനും പദ്ധതിയിനത്തിൽ എത്ര തുകയാണ് വകയിരുത്തിയത് എന്നും അതിൽ എത്ര രൂപ പ്രസ്തുത സാമ്പത്തിക വർഷം ചെലവഴിച്ചു എന്നും വകുപ്പ്, പദ്ധതി എന്നിവ തിരിച്ച് വ്യക്തമാക്കുമോ? | (ഇ) | 2023-24 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്കായി ധനാഭ്യർത്ഥനകൾക്കു കീഴിൽ കേന്ദ്രാവിഷ്കൃത പദ്ധതിയുൾപ്പെടെ പദ്ധതിയിനത്തിൽ ബജറ്റിൽ വകയിരുത്തിയിരുന്ന വിഹിതവും അക്കൌണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം ചെലവഴിക്കപ്പെട്ട തുകയും സംബന്ധിച്ച വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

| | | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|---|---|
| | | | | | | | | തുക കോടിയിൽ |
| **I** | **സംസ്ഥാന ഗവൺമെന്റിന്റെ ആഭ്യന്തരകടം** | **15772.46** | **17231.81** | **15490.50** | **14969.00** | **24514.06** | **20317.50** | **16345.48** |
| | *ഇതിൽ* | | | | | | | |
| a | പൊതുക്കടങ്ങൾ | 14685.97 | 16203.24 | 13984.07 | 12617.00 | 23066.00 | 18120.00 | 15620.00 |
| b | ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ | -271.99 | -268.86 | -267.54 | -265.09 | -232.63 | -200.09 | -180.80 |
| c | ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷൻ | -21.00 | -20.53 | -18.74 | -18.41 | -17.94 | -17.40 | -16.81 |
| d | നബാർഡ് | 399.41 | 137.24 | 121.57 | 57.19 | -96.22 | -130.26 | -175.87 |
| e | ദേശീയ സഹകരണ വികസന കോർപ്പറേഷനിൽ നിന്നുള്ള വായ്പകൾ | -5.27 | 118.03 | -20.03 | 86.77 | 43.45 | -27.63 | 200.61 |
| f | മറ്റു സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ | 13.40 | 14.97 | 640.09 | 173.80 | -156.95 | -159.96 | -135.09 |
| g | ദേശീയ ലഘുസമ്പാദ്യ ഫണ്ടിലേക്കുള്ള പ്രത്യേക സെക്യുരിറ്റികൾ | 971.99 | 1047.73 | 1051.08 | 1787.92 | 2438.18 | 2732.83 | 1033.46 |
| **II** | **കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും** | **379.43** | **-130.15** | **-240.58** | **1436.78** | **6293.45** | **8714.64** | **1680.94** |
| **III [I+II]** | **ആകെ പൊതുകടം** | **16151.89** | **17101.66** | **15249.92** | **16405.78** | **30807.51** | **29032.14** | **18026.42** |

| അനുബന്ധം 2 | | | |
|---|---|---|---|
| ധനാഭ്യ ർത്ഥന | ധനാഭ്യർത്ഥനയുടെ പേര് | ബജറ്റ് വിഹിതം | ചെലവ് |
| | | | *തുക കോടിയിൽ* |
| I | സംസ്ഥാന നിയമസഭ | 1.01 | 3.74 |
| II | സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 165.48 | 112.62 |
| III | നീതിന്യായ നിർവ്വഹണം | 53.31 | 62.42 |
| V | ചരക്കു സേവന നികുതിയും, കാർഷികാദായ നികുതിയും വില്പന നികുതിയും | 13.00 | 6.61 |
| VI | ഭൂനികുതി | 11.00 | 5.68 |
| VII | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | 23.00 | 15.40 |
| VIII | എക്സൈസ് | 18.24 | 14.17 |
| X | ട്രഷറികളും അക്കൗണ്ടുകളും | 22.52 | 22.05 |
| XI | ജില്ലാ ഭരണവും പലവകയും | 9.36 | 7.90 |
| XII | പോലീസ് | 194.00 | 172.62 |
| XIII | ജയിലുകൾ | 11.50 | 11.81 |
| XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 59.86 | 24.79 |
| XV | പൊതുമരാമത്ത് | 1279.43 | 2141.12 |
| XVI | പെൻഷനും പലവകയും | 0.00 | 6250.87 |
| XVII | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 3097.09 | 2169.42 |
| XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 2573.33 | 2420.73 |
| XIX | കുടുംബക്ഷേമം | 337.00 | 411.29 |
| XX | ശുദ്ധജല വിതരണവും ശുചീകരണവും | 909.51 | 1366.00 |
| XXI | ഭവന നിർമ്മാണം | 73.13 | 16.12 |
| XXII | നഗരവികസനം | 1803.75 | 1196.35 |
| XXIII | വാർത്താ വിതരണവും പ്രചരണവും | 40.43 | 23.62 |
| XXIV | തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 602.91 | 324.99 |
| XXV | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2599.29 | 2247.61 |
| XXVI | പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് | 8.60 | 28.12 |
| XXVII | സഹകരണം | 173.41 | 23.51 |
| XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | 1488.29 | 4736.90 |
| XXIX | കൃഷി | 1404.05 | 765.35 |

| ധനാഭ്യർത്ഥന | ധനാഭ്യർത്ഥനയുടെ പേര് | ബജറ്റ് വിഹിതം | ചെലവ് |
|---|---|---|---|
| | | | *തുക കോടിയിൽ* |
| XXX | ഭക്ഷ്യം | 73.94 | 455.06 |
| XXXI | മൃഗസംരക്ഷണം | 313.14 | 160.67 |
| XXXII | ക്ഷീരവികസനം | 122.26 | 89.51 |
| XXXIII | മത്സ്യബന്ധനം | 436.33 | 413.88 |
| XXXIV | വനം | 301.65 | 188.70 |
| XXXV | പഞ്ചായത്ത് | 413.11 | 164.68 |
| XXXVI | ഗ്രാമ വികസനം | 5707.24 | 1629.73 |
| XXXVII | വ്യവസായങ്ങൾ | 1728.90 | 1123.61 |
| XXXVIII | ജലസേചനം | 348.87 | 193.48 |
| XXXIX | വൈദ്യുത പദ്ധതികൾ (സംസ്ഥാന വൈദ്യുതി ബോർഡിന്റെ തനത് വിഹിതം ഉൾപ്പെടെ)* | 1159.59 | 3205.72 |
| XL | തുറമുഖങ്ങൾ | 80.13 | 321.33 |
| XLI | ഗതാഗതം | 856.39 | 2862.96 |
| XLII | വിനോദസഞ്ചാരം | 362.15 | 254.20 |
| XLIII | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | 8258.00 | 6029.36 |
| XLVI | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 1495.00 | 1317.52 |

*സംസ്ഥാന വൈദ്യുതി ബോർഡിന്റെ തനതു വിഹിതമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക 1042.18 കോടി രൂപയാണ്. എന്നാൽ വൈദ്യുതി ബോർഡിന്റെ തന്നെ പ്രാരംഭ കണക്കുകൾ പ്രകാരം ചെലവഴിച്ചിട്ടുള്ള തുക 3079 കോടി രൂപയാണ്.